(എച്ച്) എങ്കിൽ ആഡിറ്റ് എൻകയറിയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള വീഴ്ചകൾ എന്തെല്ലാമാണ്;

(ഐ) ഈ വീഴ്ചകൾക്ക് ഉത്തവാദികളായവരുടെ പേരിൽ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്?

ഉത്തരം

(എ) നടത്തിയിട്ടുണ്ട്.

(ബി) തയ്യാറാക്കിയിരുന്നു.

(സി ഒരുലക്ഷത്തി അറുപത്തി അയ്യായിരം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു.

(ഡി) ബാധകമല്ല.

(ഇ) ശ്രീ. കാനായി കുഞ്ഞിരാമന്റെ മേൽനോട്ടത്തിലും, കോർപ്പറേഷൻ നിയോഗിച്ച ഒരു കമ്മിറ്റിയുടെ സഹായത്തോടെയുമാണ് ജോലികൾ നടത്തിയത്.

(എഫ്) വിവിധ ഇനങ്ങളിൽ നടത്തിയ ചെലവുകൾ ഓഡിറ്റുചെയ്ത ശ്രീ. കാനായി കുഞ്ഞിരാമന്റെ അംഗികാരം നേടിയിട്ടുണ്ട്.

(ജി) ആഡിറ്റ് ചെയ്തിട്ടുണ്ട്.

(എച്ച്)&(ഐ) ആഡിറ്റ് സമയത്ത് ചൂണ്ടിക്കാണിച്ച അപാകതകൾ അപ്പോഴപ്പോൾ പരിഹരിച്ച് നടപടി സ്വീകരിച്ചതിനാൽ റിപ്പോർട്ടിൽ ആയത് ഉൾപ്പെട്ടില്ല. അതിനാൽ പ്രത്യേകം നടപടി എടുക്കേണ്ടിവന്നില്ല.

32 (2180) കോട്ടയം ട്രാവൻകൂർ റബ്ബർ ആന്റ് ടി കമ്പനി

ശ്രീ. കെ.സി. ജോസഫ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ട്രാവൻകൂർ റബ്ബർ ആൻഡ് ടി കമ്പനി ലോക്കൗട്ട് ചെയ്തിരിക്കുകയാണോ;

(ബി) എന്നാണ് ലോക്കൗട്ട് ചെയ്തത്;

(സി) ലോക്കൗട്ടിനുള്ള കാരണമെന്താണ്;

(ഡി) ഇവിടെ എത്ര തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്;

(ഇ) ലോക്കൗട്ട് പിൻവലിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആണ്.

(ബി) 10/1/2000-ൽ.

(സി) 1999-ൽ മാനേജ്മെന്റ് 8.33 ശതമാനം ബോണസ് പ്രഖ്യാപിച്ചിരുന്നു. എന്നാൽ 20 ശതമാനം ബോണസ് വേണമെന്ന ആവശ്യം മുൻനിർത്തി തൊഴിലാളികൾ സമരം നടത്തുകയും പ്രസ്തുത സമരം നിമിത്തം ലോക്കൗട്ട് പ്രഖ്യാപിക്കുകയും ചെയ്തു.

(ഡി) 1300 തൊഴിലാളികൾ.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) അഡീഷണൽ ലേബർ കമ്മീഷണറുടെ ആഭിമുഖ്യത്തിൽ അനുരഞ്ജന ശ്രമങ്ങൾ നടന്നുവരുന്നു.

33 (2181) സംസ്ഥാന ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ

ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. പി.ജെ. ജോയി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്തെല്ലാമാണ്;

(ബി) ഈ കോർപ്പറേഷന്റെ കീഴിൽ വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുള്ള എത്ര വികസന പ്ലോട്ടുകൾ ഇപ്പോഴുണ്ട്;

(സി) ഈ പ്ലോട്ടുകളിൽ വ്യവസായം സ്ഥാപിക്കുന്നതിന് സ്ഥലം ആവശ്യപ്പെട്ട ആർക്കെങ്കിലും സ്ഥലം നൽകാതിരുന്നിട്ടുണ്ടോ;

(ഡി) എങ്കിൽ കാരണമെന്തെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിനുതകുന്ന തരത്തിലുള്ള വ്യവസായ പദ്ധതികൾ കണ്ടെത്തി അതിനാവശ്യമായ സ്ഥലം എടുക്കുക, ആവശ്യമായ അടിസ്ഥാന ഘടക സൗകര്യങ്ങൾ നൽകുക, വ്യവസായ സംരംഭകർക്കാവശ്യമായ എല്ലാ സൗകര്യങ്ങളും നൽകുക എന്നിവയാണ് കിൻഫ്രയുടെ ധർമ്മം. എല്ലാ സൗകര്യങ്ങളോടുംകൂടിയ പന്ത്രണ്ടോളം വ്യവസായ പാർക്കുകൾ കിൻഫ്ര സ്ഥാപിച്ചുകൊണ്ടിരിക്കുന്നു.

(ബി) താഴെപ്പറയുന്ന കിൻഫ്രായുടെ പാർക്കുകളിൽ വികസന പ്ലോട്ടുകൾ ലഭ്യമാണ്.

1. കിൻഫ്ര ഇന്റർനാഷണൽ അപ്പാരൽ പാർക്ക് തുമ്പ, തിരുവനന്തപുരം.

2. കിൻഫ്ര എക്സ്പോർട്ട് പ്രൊമോഷൻ ഇൻഡസ്ട്രിയൽ പാർക്ക്, കാക്കനാട്, എറണാകുളം.

3. കിൻഫ്ര ഫുഡ് പ്രോസസിംഗ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം.

4. കിൻഫ്ര ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇലക്ട്രോണിക്സ് പാർക്ക്, കാക്കഞ്ചേരി, മലപ്പുറം.

5. തിരുവനന്തപുരം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നിവിടങ്ങളിലെ ചെറുകിട വ്യവസായ പാർക്കുകൾ.

6. ഫിലിം വീഡിയോ പാർക്ക്, തിരുവനന്തപുരം.

കൂടാതെ എറണാകുളം ജില്ലയിൽ ഐരാപുരത്ത് റബ്ബർ ബോർഡുമായി ചേർന്ന് റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് ഒരു റബ്ബർ പാർക്കും, ആലപ്പുഴ ജില്ലയിലെ അരൂരിൽ എം.പി.ഇ.ഡി.എ.യുമായി ചേർന്ന് മത്സ്യസംസ്കരണ വ്യവസായ കേന്ദ്രവും സ്ഥാപിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly